**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3879** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ കെട്ടിടത്തിന്റെ അപര്യാപ്തതയുള്ള എത്ര പോലീസ് സ്റ്റേഷനുകളുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ മണ്ഡത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിന് പ്രൊപ്പോസലോ അനുമതിയോ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിന് അനുമതിക്കായി പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. |
| (സി) | ചാവക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പുരോഗതി വിശദമാക്കാമോ? | (സി) | ചാവക്കാട് പോലീസ് സ്റ്റേഷന്റെ കാലപ്പഴക്കവും, കേടുപാടുകളും സൗകര്യക്കുറവും കണക്കിലെടുത്ത് പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി 2024-2025 ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 01.10.2024-ൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് ഓഫീസിൽ സമർപ്പിച്ച പ്ലാൻ 04.10.2024-ൽ അംഗീകരിച്ച് തിരിച്ച് നൽകിയിരുന്നു. തുടർന്ന് 27.12.2024-ൽ ലഭിച്ച ആർക്കിടെക്ച്ചറൽ ഡ്രോയിങ്ങ് അംഗീകരിച്ച് 16.01.2025-ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. നിലവിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ